ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : വെയിറിംഗ് ഷെഡ്ഡുകൾ അനുവദിക്കുന്നതിനുള്ള പ്രത്യേക പരിഗണനകൾ എന്തെല്ലാമാണ് ?

ശ്രീ. കെ. ഐ. വേലായുധൻ : പൊതുജനങ്ങൾ ധാരാളം തിങ്ങിക്കൂടുന്ന സ്ഥലമായിരിക്കണം, അവർക്കു നിൽക്കാനും വിശ്രമിക്കാനും മറ്റുമുള്ള സൗകര്യത്തെ പരിഗണിച്ചായിരിക്കും വെയിറിംഗ് ഷെഡ്ഡുകൾ ഉണ്ടാക്കുന്നത്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : ചിറ്റൂരത്തു ഒരു വെയിറിംഗ് ഷെഡ്ഡു അനുവദിച്ചിട്ടുണ്ടെന്നു പറയുന്നു. അതിനെക്കാൾ ധാരാളം ആളുകൾ തിങ്ങിക്കൂടുന്ന ഒരു സ്ഥലമായ 'കുറിച്ചി'യിൽ ഒരു വെയിറിംഗ് ഷെഡ്ഡുവേണമെന്ന അപേക്ഷകൾ അയച്ചിട്ടും അനുവദിക്കാത്തതെന്താണ് ?

മി. സ്പീക്കർ : ആ ചോദ്യം അനുവദിക്കുന്നില്ല.

ശ്രീ. കെ. എ. ബാലൻ : പറവൂർ ടൗണിൽ ഒരു വെയിറിംഗ് ഷെഡ്ഡു കെട്ടാൻ സ്ഥലമെടുത്തിട്ടു മൂന്നുകൊല്ലമായിട്ടും ഇതുവരെ പണി നടത്താത്തതിന്റെ കാരണമെന്താണ് ?

ശ്രീ. കെ. ഐ. വേലായുധൻ : പണിനടത്താൻ തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ടി. ടി. കേശവൻ ശാസ്ത്രി : കുറിച്ചിയിൽ ഒരു വെയ്റിംഗ് ഷെഡ്ഡു പണിയുന്നതിനു അനുവദിച്ചിട്ടുണ്ടോ ?

മി. സ്പീക്കർ : ഓരോ സ്ഥലത്തും അനുവാദം ലഭിച്ചിട്ടുണ്ടോ എന്നു ചോദിച്ചാൽ നോട്ടീസുകൂടാതെ മന്ത്രിക്കു മറുപടി പറയാൻ നിവൃത്തിയില്ല.

ട്രാൻസ്പോർട്ട് ദേശസാൽക്കരണ ബിൽ.

* 144. [16] ശ്രീ. പി. കെ. യശോധരൻ : താഴെ കാണുന്ന ചോദ്യത്തിനു പൊതുമരാമത്തുവകുപ്പുമന്ത്രി ദയവു മറുപടി നൽകുമോ :

ട്രാൻസ്പോർട്ട് ദേശസാൽക്കരണ ബിൽ ഈ സെഷനിൽ കൊണ്ടുവരുന്നുണ്ടോ ; ഇല്ലെങ്കിൽ കാരണമെന്തു ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ) :

ട്രാൻസ്പോർട്ട് ദേശസാൽക്കരണ ബിൽ, ഈ സെഷനിൽ അവതരിപ്പിക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. കേന്ദ്രഗവണ്മെന്റിന്റെ അനുമതി ലഭിക്കാത്തതു കൊണ്ടാണ്.

ശ്രീ. പി. കെ. യശോധരൻ : കേന്ദ്രഗവണ്മെന്റിന്റെ അനുവാദം ലഭിക്കാൻ ഇത്ര താമസമെന്താണ് ?

ശ്രീ. കെ. ഐ. വേലായുധൻ : കേന്ദ്രഗവണ്മെന്റിന്റെ അനുമതിക്കായി ഇവിടെനിന്നും ബിൽ ഡ്രാഫ്റ്റുചെയ്തയച്ചു. ഈ കാര്യത്തിനു കേന്ദ്രഗവണ്മെന്റിലും ഒരു ബിൽ പാസ്സാക്കുന്നതായി അറിയുന്നു

LIBRARY ARCHIVES Kerala Legislative Assembly

അതു പാസ്സായാൽ, ഈ സ്റ്റേറിനുകൂടി ബാധകമാകുന്ന പ്രൊവിഷൻ ഉണ്ടായിരിക്കുന്നതാണ്. അതുകൊണ്ടു ആ ബില്ലുതന്നെ ഇവിടത്തേയ്ക്കും മതിയാകുമോ എന്നുള്ള കാര്യം ചർച്ചചെയ്തു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ: വളരെക്കാലമായിട്ടു, ഇതു സംബന്ധിച്ചു പിൽ ചെയ്തു നിയമസഭയിൽകൊണ്ടുവരും, അടുത്ത നിയമസഭയിൽകൊണ്ടുവരും എന്നു ഗവണ്മെൻറുഭാഗത്തുനിന്നും പറയാറുണ്ട്. കഴിഞ്ഞപ്രാവശ്യം ശ്രീ. ഡി. വിവേകാനന്ദൻ ഒരു അനുദ്യോഗസ്ഥബിൽ അവതരിപ്പിച്ചപ്പോഴും ഗവണ്മെൻറുഭാഗത്തുനിന്നും ഈ കാരണംപറഞ്ഞു അതു പിൻവലിപ്പിക്കുകയല്ലേ ചെയ്തതു?

ശ്രീ. കെ. ഐ. വേലായുധൻ: സെൻട്രൽഗവണ്മെൻറിൽ ചർച്ച നടന്നുകൊണ്ടിരിക്കുന്ന മോട്ടോർ വെഹിക്കിൾസ് ആക്ടും, ഈ സ്റ്റേറിനുകൂടി ബാധകമാകാത്തപക്ഷം, ഇതു സംബന്ധിച്ചു പ്രത്യേകം ഒരു ബിൽ ഇവിടെ വേണമോ വേണ്ടയോ എന്നു ആലോചിച്ചു കൊണ്ടിരിക്കുകയാണ്.

ശ്രീ. പി. കെ. യശോധരൻ: കഴിഞ്ഞപ്രാവശ്യം ഇവിടെ അവതരിപ്പിച്ച അനുദ്യോഗസ്ഥബില്ലിന്റെ സ്ഥിതിയെന്താണ്?

ശ്രീ. കെ. ഐ. വേലായുധൻ: അതു് സെലക്ടുകമ്മിറ്റിയുടെ പരിശോധനയിലിരിക്കുകയാണ്.

ശ്രീ തോപ്പിൽ ഭാസ്കരൻപിള്ള: സ്വരാജ്മോട്ടോഴ്സ് മാനേജർ അവസാനമായി തെറ്റുപറ്റിരിക്കുന്നതുകൊണ്ടു ഈ സെഷനിൽതന്നെ ഈ ബിൽ കൊണ്ടുവന്നുകൂടെ?

മി. സ്പീക്കർ: ചോദ്യം അനുവദിക്കുന്നില്ല.

ആയുർവ്വേദ കാളേജുകൾ.

* 145. [17] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ആരോഗ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) സംസ്ഥാനത്തു് എത്ര ആയുർവ്വേദ കാളേജുകൾ ഉണ്ടു്;

(ബി) ഇതിൽ പ്രൈവറ്റു കാളേജുകൾ എത്ര; അവ എവിടെയെല്ലാം;

(സി) ഏറ്റുമാനൂരുള്ള മാധവ ആയുർവ്വേദകാളേജിനു വേണ്ടി അപേക്ഷകരുടെ ഇടയിൽനിന്നും ഫീസും പിരിച്ചു് അതുകൊണ്ടു് മറ്റൊരാളിനു് ഒരു കെട്ടിടം നിർമ്മിക്കുകയാണ് ചെയ്തതെന്നുള്ള പരാതി ഗവണ്മെൻറിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) സംസ്ഥാനത്തു് ഒരു ആയുർവ്വേദ കാളേജ് ഉണ്ടു്.

(ബി) മാധവ ആയുർവ്വേദകാളേജ് എന്നൊരു പ്രൈവറ്റ് കാളേജ് എറണാകുളത്തു് ഉണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly